ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.03.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരത രത്ന ന്യൂഡൽഹിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചു.

   **President Droupadi Murmu presents the Bharat Ratna Awards at Rashtrapati Bhavan**

2. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൻറെയും സിക്കിം, അരുണാചൽ പ്രദേശ് നിയമസഭാ തിരഞ്ഞെടുപ്പുകളുടെയും നാമനിർദേശ പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം ഇന്ന്.

   **Today is the last day for the withdrawal of nominations for the first phase of Lok Sabha Elections and Assembly polls in Sikkim and Arunachal Pradesh.**

3. കേരളത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പിലേക്കുള്ള പത്രികാ സമർപ്പണം പുരോഗമിക്കുന്നു. മുതിർന്ന നേതാക്കളുടെ നേതൃത്വത്തിൽ പ്രചരണരംഗത്ത് സജീവമായി മുന്നണികൾ. **Submission of nomination for the Lok Sabha election is progressing in Kerala. political parties are actively campaigning with the leadership of senior leaders**

4. ചരിത്ര പ്രസിദ്ധമായ വൈക്കം സത്യാഗ്രഹത്തിന് ഇന്ന് 100 വർഷം.

   **Today marks the 100 years of the historic Vaikom Satyagraha.**

5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സും പഞ്ചാബ് കിംഗ്സും ഏറ്റുമുട്ടും.

   **In IPL Cricket Lucknow Super Giants will face Punjab Kings today.**

******************************************

## PREZ – BHARAT RATNA

രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരത രത്ന രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചു. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിലാണ് പുരസ്കാരങ്ങൾ വിതരണം ചെയ്തത്. മുൻ പ്രധാനമന്ത്രിമാരായ പി.വി നരസിംഹറാവു, ചൗധരി ചരൺസിംഗ്, , ബിഹാർ മുൻ മുഖ്യമന്ത്രി കർപ്പൂരി താക്കൂർ, കാർഷിക വിദഗ്ധൻ എം.എസ് സ്വാമിനാഥൻ എന്നിവർക്കാണ് മരണാനന്തര ബഹുമതിയായി ഭാരതരത്ന സമ്മാനിച്ചത്. ചൗധരി ചരൺസിംഗിനുവേണ്ടി ചെറുമകൻ ജയന്ത് സിങ്ങും, പി.വി നരസിംഹറാവുവിന് വേണ്ടി മകൻ പി വി പ്രഭാകർ റാവുവും എം.എസ് സ്വാമിനാഥന് വേണ്ടി മകൾ നിത്യ റാവു പുരസ്കാരം സ്വീകരിച്ചു. ബിഹാർ മുൻ മുഖ്യമന്ത്രി കർപ്പൂരി താക്കൂറിൻ്റെ മകൻ റാം നാഥ് താക്കൂറും ഏറ്റുവാങ്ങി. പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര മന്ത്രിമാരായ അമിത് ഷാ, ശ്രീ എസ് ജയ്ശങ്കർ, ബി ജെ പി അധ്യക്ഷൻ ജെ പി നഡ്ഡ, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ തുടങ്ങിയവർ സന്നിഹിതരായിരുന്നു. മുൻ ഉപപ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ എൽ കെ അദ്വാനിക്ക് രാഷ്ട്രപതി നാളെ ന്യൂഡൽഹിയിൽ ഭാരതരത്ന സമ്മാനിക്കും

******************************************

## PRESIDENT–PM–RAJASTHAN

രാജസ്ഥാൻ രൂപീകരണ ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജനങ്ങൾക്ക് ആശംസകൾ നേർന്നു. മഹത്തായ പാരമ്പര്യങ്ങൾക്കും ആതിഥ്യമര്യാദയ്ക്കും പേരുകേട്ടതാണ് രാജസ്ഥാൻ എന്ന് രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. വികസിതവും സ്വയംപര്യാപ്തവുമായ ഇന്ത്യ കെട്ടിപ്പടുക്കുന്നതിൽ

രാജസ്ഥാന്റെ പങ്ക് വളരെ പ്രധാനപ്പെട്ടതായിരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സന്ദേശത്തിൽ പറഞ്ഞു.

*****************************************

## ELECTION-FIRST PHASE (INTRO)

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിന്റെയും സിക്കിം, അരുണാചൽ പ്രദേശ് നിയമസഭാ തിരഞ്ഞെടുപ്പുകളുടെയും നാമനിർദേശ പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം ഇന്ന്.

വിശദാംശങ്ങളിലേയ്ക്ക്....

(വോയിസ്)

*****************************************

## ELECTION-FIRST PHASE (VOICE)

ആദ്യഘട്ടത്തിൽ ബിഹാർ ഉൾപ്പെടെ 17 സംസ്ഥാനങ്ങളിലെയും നാല് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 102 ലോക്സഭാ സീറ്റുകളിലേക്കാണ് ഏപ്രിൽ 19 ന് വോട്ടെടുപ്പ് നടക്കുന്നത്. ഇതോടൊപ്പം സിക്കിമിലെ 32 നിയമസഭാ മണ്ഡലങ്ങളിലേക്കും അരുണാചൽ പ്രദേശിലെ 60 നിയമസഭാ മണ്ഡലങ്ങളിലേക്കും ഒറ്റഘട്ടമായി വോട്ടെടുപ്പും നടക്കും.

ബീഹാറിൽ, ആദ്യ ഘട്ടത്തിൽ ഗയ, ഔറംഗബാദ്, നവാഡ, ജാമുയി എന്നീ നാല് പാർലമെന്റ് സീറ്റുകളിലേക്കുള്ള പത്രികാ സമർപ്പണം വ്യാഴാഴ്ച അവസാനിച്ചു. സംസ്ഥാനത്ത് നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന് നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി ഏപ്രിൽ രണ്ടാണ്. ഹോളി ആഘോഷവും ബീഹാർ സ്ഥാപക ദിനവും പ്രമാണിച്ച് ബിഹാറിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി തിരഞ്ഞെടുപ്പ് കമ്മീഷൻ

നീട്ടുകയായിരുന്നു. തമിഴ്നാട്, അരുണാചൽ പ്രദേശ്, മേഘാലയ, മിസോറാം, നാഗാലാൻഡ്, സിക്കിം, ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, പുതുച്ചേരി എന്നിവിടങ്ങളിൽ ഒറ്റഘട്ടമായാണ് വോട്ടെടുപ്പ് നടക്കുന്നത്.

ന്യൂസ് ഡെസ്ക് ആകാശവാണി.....

******************************************

## ASSAM CM

അസമിൽ ലോക്സഭാ തിരഞ്ഞെടുപ്പിന് ശേഷം ഏകീകൃത സിവിൽ കോഡ് നടപ്പാക്കുമെന്ന് മുഖ്യമന്ത്രി ഹേമന്ത് ബിസ്വ ശർമ. ഗുവാഹത്തിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. അസമിൽ ബഹുഭാര്യാത്വം നിർത്തലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതായും ശ്രീ ഹേമന്ത് ബിസ്വ ശർമ അറിയിച്ചു.

******************************************

## ELECTION–KERALA

കേരളത്തിൽ ലോക് സഭാ തിരഞ്ഞെടുപ്പ് പ്രചാരണം സജീവമായി തുടരുന്നു. എൽ.ഡി.എഫ്, യു.ഡി.എഫ്, എൻ.ഡി. എ സ്ഥാനാർത്ഥികൾ മണ്ഡല പര്യടനത്തിലാണ്. രാവിലെ എൽ.ഡി.എഫ് നെയ്യാറ്റിൻകര മണ്ഡലം കൺവെൻഷൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. 20 മണ്ഡലങ്ങളിലും പൊതുയോഗങ്ങളിൽ പങ്കെടുക്കുന്ന മുഖ്യമന്ത്രിയുടെ പര്യടനം അടുത്തമാസം 22-ന് കണ്ണൂരിലാണ് സമാപിക്കുക. പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, രമേശ് ചെന്നിത്തല എന്നിവരുടെ നേതൃത്വത്തിലാണ് യു.ഡി.എഫിന്റെ പ്രചാരണ പരിപാടികൾ. എൻ.ഡി.എയ്ക്ക് വേണ്ടി ദേശീയ നേതാക്കൾ

പ്രചാരണത്തിനെത്തും. ധനമന്ത്രി നിർമ്മല സീതാരാമൻ തിരുവനന്തപുരത്ത് പ്രചാരണ യോഗം ഉദ്ഘാടനം ചെയ്യു.

******************************************

## EKM -NOMINATION

സംസ്ഥാനത്ത് നാമനിർദ്ദേശ പത്രികാ സമർപ്പണം പുരോഗമിക്കുന്നു. ആറ്റിങ്ങലിൽ എൻ.ഡി.എ സ്ഥാനാർത്ഥി വി മുരളീധരൻ പത്രിക സമർപ്പിച്ചു. ചാലക്കുടിയിൽ ഇടതുസ്ഥാനാർത്ഥി പ്രൊഫ. സി.രവീന്ദ്രനാഥും പത്രിക സമർപ്പിച്ചു. പത്തനംതിട്ടയിൽ ഇടതു സ്ഥാനാർത്ഥി ടി.എം തോമസ് ഐസക് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. കോഴിക്കോട് യു ഡി എഫ് സ്ഥാനാർഥി എം കെ. രാഘവൻ പത്രിക സമർപ്പിച്ചു.

******************************************

## MHA- SATYENDAR JAIN CBI PROBE

ജയിലിൽ കഴിയുന്ന എഎപി നേതാവും ഡൽഹി മുൻ മന്ത്രിയുമായിരുന്ന സത്യേന്ദ്ര ജയ്നിനെതിരെ അന്വേഷണം നടത്താൻ സി ബി ഐക്ക് കേന്ദ്ര ആഭ്യന്തരമന്ത്രാലയം അനുമതി നൽകി. സുകേഷ് ചന്ദ്രശേഖർ ഉന്നയിച്ച കോഴ ആരോപണങ്ങളുടെ അടിസ്ഥാനത്തിലാണ് അന്വേഷണം. മന്ത്രി പദത്തിലിരിക്കെ സത്യേന്ദ്ര ജയ്ൻ 10 കോടി രൂപ കോഴ ആവശ്യപ്പെട്ടതായാണ് ആരോപണം. ഇത് സംബന്ധിച്ച് 2022 നവംബറിൽ ഡൽഹി ലെഫ്റ്റനന്റ് ഗവർണർക്കും സുകേഷ്

ചന്ദ്രശേഖർ കത്തയച്ചിരുന്നു.

******************************************

## PM-SHYAMJI

സ്വാതന്ത്ര്യ സമര സേനാനി ശ്യാംജി കൃഷ്ണ വർമ്മയുടെ ചരമവാർഷികദിനത്തിൽ ആദരമർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി . ഇന്ത്യൻ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ടുള്ള അദ്ദേഹത്തിന്റെ സംഭാവനകൾ വിലമതിക്കാനാകാത്തതാണെന്ന് ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

******************************************

## VAIKKOM SATHYAGRAHA

കേരളത്തിൽ തൊട്ടുകൂടായ്മയ്ക്കെതിരെ നടന്ന ചരിത്ര സമരം വൈക്കം സത്യാഗ്രഹത്തിന് ഇന്ന് 100 വർഷം. കോട്ടയം ജില്ലയിൽ വൈക്കം മഹാദേവ ക്ഷേത്രത്തിന് സമീപമുള്ള പൊതുവഴിയിലൂടെ പിന്നാക്ക സമുദായങ്ങൾക്ക് സഞ്ചരിക്കാനുള്ള അവകാശത്തിനായി 603 ദിവസം നീണ്ടുനിന്ന അഹിംസാ സമരമാണ് വൈക്കം സത്യാഗ്രഹം. 1924 മാർച്ച് 30-ന് ആരംഭിച്ച സത്യാഗ്രഹം 1925 നവംബർ 23-ന് അവസാനിച്ചു. ശ്രീനാരായണ ഗുരു, മന്നത്തു പത്മനാഭൻ, ഇ.വി.രാമസാമി നായ്ക്കർ, ടി.കെ. മാധവൻ, കെ.കേളപ്പൻ കെ.പി.കേശവമേനോൻ തുടങ്ങിയ പ്രമുഖ നേതാക്കൾ സമരത്തെ പിന്തുണച്ചു. മഹാത്മാഗാന്ധിയുടെ ഇടപെടലിനെത്തുടർന്ന്, തിരുവിതാംകൂർ നാട്ടുരാജ്യത്തിലെ റീജന്റ് സേതു ലക്ഷ്മി ബായിയുമായി ഒത്തുതീർപ്പിലെത്തി. തുടർന്ന് വൈക്കം മഹാദേവക്ഷേത്രത്തിലേക്കുള്ള വടക്ക്, തെക്ക്, പടിഞ്ഞാറ് പൊതുവഴികൾ എല്ലാ ജാതിക്കാർക്കും തുറന്നുകൊടുക്കുകയും ചെയ്തു.

******************************************

## BALAJI- DEATH

തെന്നിന്ത്യൻ ചലച്ചിത്ര നടൻ ഡാനിയൽ ബാലാജി അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്ന് ഇന്നലെ രാത്രിയായിരുന്നു അന്ത്യം. നെഞ്ചുവേദനയെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. 48 വയസ്സായിരുന്നു. സംസ്കാര ചടങ്ങുകൾ ഇന്ന് അദ്ദേഹത്തിന്റെ വസതിയിൽ നടക്കും.

1975 ൽ ജനിച്ച ഡാനിയൽ ബാലാജി നിരവധി തമിഴ് ചിത്രങ്ങളിൽ ശ്രദ്ധേയമായ വേഷങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ട്. മലയാളം, തെലുങ്ക്, കന്നട ചലച്ചിത്രങ്ങളിലും അഭിനയിച്ചിട്ടുണ്ട്.

*******************************************

## JK-HIGHWAY CLOSURE

കനത്ത മഴയെ തുടർന്നുണ്ടായ മണ്ണിടിച്ചിൽ ജമ്മു - ശ്രീനഗർ ദേശീയ പാതയിൽ ഗതാഗതം നിർത്തിവെച്ചു. റാംബൻ സെക്ടറിലാണ് കനത്ത മണ്ണിടിച്ചിലുണ്ടായത്. തുടർന്ന് പാറകൾ റോഡിലേക്ക് തെറിച്ചു വീണു. ദേശീയ പാത അടച്ചിട്ടതിനെ തുടർന്ന് നിരവധി വാഹനങ്ങൾ ഈ മേഖലയിൽ കുടുങ്ങി കിടക്കുകയാണ്. ഗതാഗതം പുനസ്ഥാപിക്കുന്നത് വരെ ഇതുവഴിയുള്ള യാത്ര ഒഴിവാക്കണമെന്ന് അധികൃതർ അറിയിച്ചു.

*******************************************

## CLIMATE

രാജ്യത്തിന്റെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ ഇന്നുമുതൽ ശക്തമായ മഴയ്ക്കും ഇടിമിന്നലിനും സാധ്യതയുണ്ടെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. അരുണാചൽ പ്രദേശ്, മേഘാലയ, അസം സംസ്ഥാനങ്ങളിലാണ് മഴ മുന്നറിയിപ്പ്. ജമ്മു കശ്മീർ, ലഡാക്ക്, ഗിൽജിത്, മുസാഫറാബാദ്, ഹിമാചൽ പ്രദേശ്,

ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ ഒറ്റപ്പെട്ട മഴയ്ക്കും മഞ്ഞ് വീഴ്ചയ്ക്കും സാധ്യത.

****************************************

## MUKHTAR ANSARI –INVESTIGATION

ഉത്തർപ്രദേശിലെ രാഷ്ട്രീയ നേതാവ് മുഖ്താർ അൻസാരിയുടെ മരണത്തിൽ മജിസ്ട്രേറ്റ് തല അന്വേഷണം നടത്തും. മൂന്നംഗ അന്വേഷണ സംഘത്തെ ബാന്ധ എംപി-എംഎൽഎ കോടതിയിലെ അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റായ ഗരിമ സിംങ് നയിക്കും. ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാണ് അന്വേഷണ സംഘത്തോട് ആവശ്യപ്പെട്ടിരിക്കുന്നത്.

****************************************

## INDIAN NAVY

കടൽക്കൊള്ളക്കാരിൽ നിന്ന് ഇറാനിയൻ മത്സ്യബന്ധന കപ്പലിനെയും അതിലെ 23 പാകിസ്ഥാൻ ജീവനക്കാരേയും ഇന്ത്യൻ നാവികസേന മോചിപ്പിച്ചു. സമുദ്ര സുരക്ഷയ്ക്കായി അറബിക്കടലിൽ വിന്യസിച്ച INS സുമേധ, INS ത്രിശൂൽ എന്നീ പടക്കപ്പലുകളാണ് ദൗത്യത്തിൽ ഏർപ്പെട്ടത്. ഇറാനിൽ നിന്നുള്ള അൽകംബർ 786 എന്ന മീൻപിടുത്ത കപ്പൽ കടൽകൊള്ളക്കാർ പിടിച്ചെടുത്തെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ നാവികസേന ദൗത്യത്തിനായി പുറപ്പെടുകയായിരുന്നു.

****************************************

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സും പഞ്ചാബ് കിംഗ്സും ഏറ്റുമുട്ടും. ലക്നൗവിലെ അടൽ ബിഹാരി വാജ്പേയി ഏകന സ്റ്റേഡിയത്തിൽ വൈകിട്ട് 7.30 നാണ് മത്സരം.

ഇന്നലെ നടന്ന മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഏഴു വിക്കറ്റിന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ പരാജയപ്പെടുത്തി.

******************************************

## TENNIS

ഇന്ന് ഫ്ലോറിഡയിൽ നടക്കുന്ന മിയാമി ഓപ്പൺ ടെന്നീസ് പുരുഷ ഡബിൾസ് ഫൈനൽ മത്സരത്തിൽ രോഹൻ ബൊപ്പണ്ണ മാത്യൂ എബ്ഡൻ എന്നിവരുൾപ്പെട്ട ഇന്ത്യ-ഓസ്ട്രേലിയൻ സഖ്യം അമേരിക്കയുടെ ഓസ്റ്റിൻ ക്രാജിസെക്-ക്രൊയേഷ്യയുടെ ഇവാൻ ഡോഡിഗ് സഖ്യത്തെ നേരിടും. വ്യാഴാഴ്ച നടന്ന സെമിയിൽ സ്പെയിനിന്റെ മാർസെൽ ഗ്രാനോല്ലേഴ്സിനെയും അർജന്റീനയുടെ ഹൊറാസിയോ സെബല്ലോസിനെയും പരാജയപ്പെടുത്തിയാണ് ഇൻഡോ ഓസ്ട്രേലിയൻ സഖ്യം ഫൈനലിലെത്തിയത്.

******************************************

## US-HONG KONG VISA

മനുഷ്യാവകാശ ലംഘന കുറ്റം ചുമത്തപ്പെട്ട ഹോങ് കോങ് സർക്കാർ ഉദ്യോഗസ്ഥർക്ക് പുതിയ വീസ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമെന്ന് അമേരിക്ക. ഇതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് യു എസ് സ്റ്റേറ്റ് സെക്രട്ടറി ആൻ്റണി ബ്ലിങ്കൻ അറിയിച്ചു.

****************************************************************************

आकाशवाणी